കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-4 /1945/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം, കൊല്ലം
തീയതി –26/02/2019.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്-2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്തുരാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്തുരാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-4
/1945/2018 തീയതി:
26/02/2019

<u>കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 01-08-2017 മുതൽ 19-11-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-11-18 മുതൽ 28-11-18 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജി.സിന്ധു, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.റ്റി.സിന്ധു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എസ്.സുബി ,സീനിയർഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.സന്തോഷ് | 01-04-17മുതൽ<br>31-03-18 വരെ |
| സെക്രട്ടറി | ശ്രീ.എസ്സ്.അശോക് കുമാർ | 01-04-17മുതൽ<br>31-03-18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീമതി.ബിജിമോൾ.ഇ.ആർ | 01-04-17 മുതൽ<br>31-03-18 വരെ |
| കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ, കൃഷി | ശ്രീമതി.റ്റി.എ.കൽപ്പന | 01-04-17 മുതൽ<br>31-03-18 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.ശൈലേഷ്.ഐ.പി | 01-04-17 മുതൽ<br>31-03-18 വരെ |
| ക്ഷീരവികസന<br>ഓഫീസർ,<br>നടുവിലച്ചേരി | ശ്രീമതി.അനീഷാ.എ | 01-04-17 മുതൽ<br>31-03-18 വരെ |
| ക്ഷീരവികസന<br>ഓഫീസർ, ചെറുമൂട് | ശ്രീമതി.മഞ്ജു.ഒ.ബി | 01-04-17 മുതൽ<br>31-03-18 വരെ |
| സി.ഡി.പി.ഒ , ചിറ്റുമല | ശ്രീമതി. രേണുക.ഐ | 01-04-17 |

| | | |
|---|---|---|
| | | മുതൽ<br>31-03-18<br>വരെ |
| സി.ഡി.പി.ഒ , അഞ്ചാലുംമൂട് | ശ്രീമതി.രാജലക്ഷ്മി അമ്മ | 01-04-17<br>മുതൽ<br>25-08-17<br>വരെ |
| | ശ്രീമതി.മംഗളാംബിക | 18-07-16<br>മുതൽ<br>31-03-17<br>വരെ |
| സൂപ്രണ്ട്,<br>ഓൾഡേജ് ഹോം, ഇഞ്ചവിള | ശ്രീ.സന്തോഷ്.എം | 01-04-17<br>മുതൽ<br>31-03-18<br>വരെ |
| സീനിയർ വെറ്ററിനറി സർജൻ, കുണ്ടറ | ഡോ.മോളി വർഗീസ് | 01-04-17<br>മുതൽ<br>03-10-17<br>വരെ |
| | ഡോ.സുജാ.ടി.നായർ | 04-10-17<br>മുതൽ<br>31-03-18<br>വരെ |
| സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ,കുണ്ടറ | ഡോ.ജി.ബാബുലാൽ | 01-04-17<br>മുതൽ<br>31-03-18<br>വരെ |

## ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നതിലെ അപാകതകൾ | 2-1 |
| | ഭാഗം 3 | |
| 14 | പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഡേറ്റാ എൻട്രിക്കായി സർക്കാർ നിർദ്ദേശമില്ലാതെ താല്ക്കാലിക ജീവനക്കാരിയെ നിയോഗിച്ചു – നഷ്ടം 19,880/- രൂപ | 3-1 |
| 15 | പ്രാദേശിക ഉല്പന്നങ്ങൾക്ക് വിപണന സംവിധാനം - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ -18,653/-രൂപ നിരാകരിക്കുന്നു | 3-2 |
| 16 | തനതുഫണ്ടിൽ നിന്നും ചെലവഴിച്ച 82,750/-രൂപ തിരികെ കിട്ടാൻ ശേഷിക്കുന്നു | 3-3 |
| 17 | ഗവ.വൃദ്ധ സദനത്തിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ – ടെണ്ടർ നടപടികളിലെ അപാകതകൾ | 3-4 |
| 18 | സൗരവൈദ്യുത ഉല്പാദക സംവിധാനം -നിർവഹണ | 3-5 |

| | | |
|---|---|---|
| | മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല -കേന്ദ്ര ഇൻസെന്റീവ് ലഭ്യമായില്ല. | |
| 19 | 41-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം-വകയിരുത്തലുകൾ ആനുപാതികമായി ചെലവ് ചെയ്തില്ല | 3-6 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – 33,04,350/-രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു | 3-7 |
| 21 | പത്താംതര,ഹയർസെക്കന്ററി തുല്യതാ പഠിതാക്കൾക്ക് ധനസഹായം-അധികം തുക നൽകി-4,200/- രൂപ നിരാകരിക്കുന്നു. | 3-8 |
| 22 | വിദ്യാദീപം-പദ്ധതി വാല്യുവേഷനിലും അധികരിച്ച് തുക നൽകി | 3-9 |
| 23 | വിദ്യാപീഠം പദ്ധതി -പണി പൂർത്തീകരിച്ചിട്ടില്ല | 3-10 |
| 24 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-11 |
| 25 | സംയുക്ത പ്രോജക്ടുകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 3-12 |
| | ഭാഗം4 | |
| 26 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 33 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 36 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |


# ഭാഗം **1**

## പൊതു അവലോകനം

### 1-1 ബജറ്റ്

14.3.2017തീയതിയിലെ 1-ാംതീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 8.6.18 | ------ | ----- |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 23.6.18 | KSA/KLM/1552/18 dtd 21.7.18 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,65,80,634 |
| വരവ് | 11,70,99,590 |
| ആകെ | 16,36,80,224 |
| ചെലവ് | 14,57,98,724 |
| നീക്കിയിരിപ്പ് | 1,78,81,500 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 3,83,08,892 | 3,83,08,892 | 3,72,48,442 | 10,60,450 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1,91,68,000 | 1,91,68,000 | 1,74,18,000 | 17,50,000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 95,000 | 95,000 | 95,000 | - |
| മെയിന്റനൻസ്, | - | | | | |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 48,80,000 | 48,80,000 | 48,75,579 | 4,421 |
| സാക്ഷരത | | 2,32,008 | 10,000 | 2,42,008 | 20 | 2,41,988 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | PMAY (Admin cost) | 33,948 | 1,40,000 | 1,73,948 | 1,70,728 | 3,220 |
| | TSC | 22,80,304 | 43,235 | 23,23,539 | 0 | 23,23,539 |
| IWMP | | 2,608 | 48,000 | 50,608 | 26,574 | 24,034 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1,20,27,457 | 2,13,85,675 | 3,34,13,132 | 3,32,47,032 | 1,66,100 |
| | ജില്ലാ പഞ്ചായത്ത് | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2,61,05,880 | 3,22,53,839 | 5,83,59,719 | 4,21,57,250 | 1,62,02,469 |
| | ട്രഷറി അക്കൗണ്ട് | 58,98,429 | 35,81,820 | 94,80,249 | 1,05,60,099 | - 10,79,850 (Redemption amount) |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 100 | 6,24,51,892 | 91 | 5,96,37,021 | 4 | 5 | 91% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

| നിർവഹണ ഉദ്യോഗസ്ഥന്റെ വിവരം | ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 27 | 20 | 3,12,85,470 | 2,51,08,765 | 80 |
| അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ | 45 | 37 | 1,84,01,742 | 1,15,83,119 | 62.9 |
| അസി.ഡയറക്ടർ,കൃഷി | 4 | 4 | 25,15,000 | 24,64,996 | 98 |
| സീനിയർ വെറ്റിനറി സർജൻ | | 1 | | | |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 4 | 4 | 14,45,700 | 12,89,900 | 89 |
| സി.ഡി.പി.ഒ | 5 | 5 | 39,02,105 | 39,01,815 | 99.9 |
| പട്ടികജാതിവികസന ഓഫീസർ | 3 | 3 | 66,45,000 | 48,95,000 | 73.66 |
| വ്യവസായ വികസന ഓഫീസർ | 2 | 0 | 11,00,000 | 0 | 0 |
| സൂപ്രണ്ട്,വൃദ്ധസദനം | 3 | 3 | 19,78,887 | 19,78,877 | 99 |

ഏറ്റെടുത്ത പദ്ധതികൾ നടപ്പാക്കുന്നതിൽ പശ്ചാത്തലമേഖലയിൽ മുഖ്യ നിർവ്വഹണം നടത്തുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. വികസനമേഖലയിൽ ഏറ്റെടുത്ത 2 പ്രോജക്ടുകളും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ മേഖലയിലെ പ്രശ്നങ്ങളും പ്രശ്നസാധ്യതകളും കണ്ടെത്തി ആയവ പരിഹരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ക്ഷേമകാര്യവർക്കിംഗ് ഗ്രൂപ്പും ശ്രദ്ധിക്കേണ്ടതാണ്. സാമൂഹികമായി പിന്നോക്കാവസ്ഥയിൽ നില്ക്കുന്ന ഒരു വിഭാഗത്തിന്റെ സമഗ്രവികസനത്തിന് മുഖ്യ പങ്ക് വഹിക്കേണ്ട പട്ടികജാതിവികസന ഓഫീസറുടെ പദ്ധതി ചെലവ് കേവലം 73.66 ശതമാനം മാത്രമാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.18 ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,390/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. ബ്ലോക്ക്പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ്

രസീതി നൽകിയാണ് സ്വീകരിക്കുന്നത്. എന്നാൽ കേന്ദ്രസർക്കാരിൽ നിന്ന് വിവിധ പദ്ധതികൾക്കായി ലഭിക്കുന്ന തുകകളുടേയും സംയുക്ത പ്രോജക്ടുകൾക്കായി മറ്റു തദ്ദേശസ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന തുകകളുടെ വിനിയോഗം യഥാവിധി അക്കൗണ്ട് ചെയ്യുന്നില്ല. ആയതിനാൽ ഈ ഫണ്ടുകളുടെ യഥാർത്ഥ ധനവിനിയോഗം വാർഷിക കണക്കുകളിൽ നിന്നോ സുലേഖ സ്റ്റേറ്റ്മെന്റിൽ നിന്നോ ലഭ്യമല്ല. ശരിയായ രീതിയിൽ വരവ്, ചെലവു തുകകൾ അക്കൗണ്ട് ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും മോണിട്ടറിംഗ് ഉണ്ടാകേണ്ടതാണ്. ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. എന്നാൽ പല വാങ്ങലുകൾക്കും വ്യക്തമായ തീരുമാനം രേഖപ്പെടുത്താതെ കമ്മറ്റി മിനിട്സ് സൂക്ഷിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല.
വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനും ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിന് ശരിയായ അക്കൗണ്ടിംഗ് രീതി പിൻതുടരുന്നതിന് ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-5-18 | 2017-18 | 5-11-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.3.16 | 2012-13 മുതൽ 2014-15വരെ | 23-9-17 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന പരാമർശങ്ങൾ പരിഹരിക്കാൻ ശേഷിക്കുന്നു.

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ബാങ്ക് സ്റ്റേറ്റ്മെന്റും ബാങ്ക് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് | നീക്കുബാക്കി | |
|---|---|---|
| | ബാങ്ക് പാസ്സ് ബുക്ക് പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം |
| സൗത്ത് ഇന്ത്യൻ ബാങ്ക് മിസലേനിയസ് | 1,06,801.40 | 28,663 |
| സ്പെഷ്യൽ റ്റി.എസ്.ബി | 79,721 | -10,79,850 |
| റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 17,49,508 | 1,66,100 |
| സൗത്ത് ഇന്ത്യൻ ബാങ്ക് - TSC | 23,23,059 | 23,23,539 |
| യൂണിയൻ ബാങ്ക് IAY | 1,36,50,631 | 1,50,66,746 |
| പേരയം SCB -FD | 7,92,500 | 5,97,500 |

1. MPLAD എന്ന പദ്ധതിയ്ക്കായി വരവു വന്ന 21,00,015/- രൂപയുടെ ചെലവു വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ 320100204 എന്ന ഹെഡ്ഡിൽ ബാധ്യതയായി ടി തുക ബാക്കി നിൽക്കുന്നു. 320200315 എന്ന ഹെഡ്ഡിലും 1,65,963/-രൂപ ബാക്കി നിൽക്കുന്നു.
2. 01.07.2017-ലെ 7465800-ാം നമ്പർ ചെക്ക് Liability in due of stale cheque ആയി മാറ്റിയിട്ടില്ല.
3. MPLAD, MLASDF എന്നിവ വഴിയുള്ള ആസ്തി നിർമ്മാണം ഫിക്സഡ് അസറ്റ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയിൽ ചേർത്തിട്ടില്ല.
4. Rent Receivables from Buildings (Current) എന്നതിന്റെ ഡിമാന്റ് 3,39,943/-രൂപയും വരവ് 331230/-രൂപയും ആണ്. എന്നാൽ ബാലൻസ് ഷീറ്റിൽ 8,713 എന്നതിന് പകരം 6,060/- രൂപയാണ് ചേർത്തിരിക്കുന്നത്.
5. Prior Period item എന്ന ഹെഡ്ഡിൽ ചേർത്തിരിക്കുന്ന Prior Period income – Recovery of unutilized grants എന്ന പേരിൽ ചേർത്തിരിക്കുന്ന 32,71,999/-രൂപയുടെ കൃത്യത വ്യക്തമാക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

320700104, 320700304 എന്നീ ഹെഡ്ഡുകളിൽ ചേർത്തിരിക്കുന്ന തുക

6. (Contributions for joint venture Projects, for capital expenditure) Capital Contribution Head -ൽ ഉൾപ്പെടുത്തിയിട്ടില്ല. തത്തുല്യമായ ആസ്തി സൃഷ്ടിച്ചിട്ടുമില്ല.
7. ജനറൽ പർപ്പസ് ഫണ്ട് BIMS മുഖേനയുള്ള അലോട്ട്മെന്റും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല.
8. State sponsored Schemes unemployment allowance scheme എന്ന പേരിൽ ചേർത്തിരിക്കുന്ന 1,35,045/-രൂപയുടെ കൃത്യത വ്യക്തമാക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

9. സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമാകുന്ന ഐ.എ.വൈ ഉൾപ്പെടെയുള്ള വിഹിതങ്ങളുടെ വരവ് , ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

10.കേന്ദ്രവിഹിതം IWMP, TSC, IAY വിഹിതങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2017-2018 വർഷ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.ഓഡിറ്റ് റിക്കവറി യഥാർത്ഥ വരവ് , വാർഷികകണക്കിലെ വരവുമായി പൊരുത്തപ്പെടുന്നില്ല.

2.ബ്ലോക്ക് വിഹിതം (PMAY, ലൈഫ് മിഷൻ) വകയിരുത്തിയ തുക RP 31-ൽ വീണ്ടും വരവായി ഉൾപ്പെടുത്തി.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നതിലെ അപാകതകൾ

കൊല്ലം കോർപ്പറേഷൻ പരിധിയിൽപ്പെടുന്ന അഞ്ചാലുംമൂട്ടിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ സർക്കാർ ഓഫീസുകൾ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനങ്ങളിൽനിന്നും വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷോപ്പിംഗ് കോംപ്ലക്സിന് പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക നിശ്ചയിച്ചിട്ടില്ല.

സെന്റിന് ഏകദേശം 5,00,000 രൂപയോളം മാർക്കറ്റ് വിലവരുന്ന സ്ഥലത്ത് നിലനിൽക്കുന്ന 25 വർഷത്തോളം മാത്രം പഴക്കമുള്ള ബിൽഡിംഗിന് നാളിതുവരെ പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക നിശ്ചയിച്ചിട്ടില്ല. ഇവിടെയുള്ള സർക്കാർ ഓഫീസ് ഒഴികെയുള്ളവ കൂടുതലും ബിസിനസ്സ് സ്ഥാപനങ്ങളാണ്.

ഫേസ് വാല്യു അടിസ്ഥാനത്തിൽ തുച്ഛമായ വാടകയാണ് ഇവയിൽ നിന്ന് ഈടാക്കുന്നത്. പി.ഡബ്ല്യു.ഡി നിരക്കിൽ വാടക ഈടാക്കുമെന്നാണ് ബൈലായിൽ പറയുന്നത്. കരാർ ചമച്ചിട്ടുള്ളതും ഇപ്രകാരമാണ്. സർക്കാർ നിരക്ക് വരുന്നതുവരെ ഫേസ് വാല്യു നിരക്ക് തുടരുമെന്ന് കരാറിലുണ്ട്. സർക്കാർ നിരക്ക് ഈടാക്കാൻ നിശ്ചയിച്ചിട്ട് നാളിതുവരെ ഈടാക്കാത്തതിനു വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ പി. ഡബ്ല്യു.ഡി യ്ക്ക് കത്തു നൽകിയിട്ടുണ്ടെന്നും ആവശ്യമായ നടപടികൾ എടുക്കാമെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.5, തീയതി -24/11/2018

2 . 'ഗ്രാമ്യ' സൂപ്പർ മാർക്കറ്റിന് മാനദണ്ഡമില്ലാതെ ഇളവ് നൽകുന്നു.

ഷോപ്പിംഗ് കോംപ്ലക്സിൽ റോഡിന് അഭിമുഖമായി നിൽക്കുന്നതും വാഹനത്തിൽ ഏറ്റവും ആദ്യം എത്തിച്ചേരാവുന്നതും താഴത്തെ നിലയിലുള്ളതുമായ രണ്ടു മുറികൾ അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിന് സൂപ്പർ മാർക്കറ്റ് നടത്തുന്നതിന് വാടകയ്ക്ക് നൽകിയിരിക്കുന്നു. 70.24 ചതുരശ്ര മീറ്ററുള്ള ഈ സ്ഥാപനത്തിന് പ്രതിമാസ വാടക 1,550 രൂപയാണ്. എന്നാൽ ഇതേ കെട്ടിടത്തിൽ തന്നെയുള്ള 23.43 ചതുരശ്ര മീറ്ററുള്ള മറ്റു 6 സ്ഥാപനങ്ങളിൽ നിന്നും 2,650 രൂപ വീതം വാടക ഈടാക്കുന്നുണ്ട്. ഈ രീതിയിൽ കണക്കാക്കിയാൽ തന്നെ 7,944 രൂപ 'ഗ്രാമ്യ 'സൂപ്പർ മാർക്കറ്റിൽ നിന്നും ഈടാക്കേണ്ടതാണ്. 5,294 രൂപ പ്രതിമാസ വാടകയിൽ ഒരു ബിസിനസ്സ് സ്ഥാപനത്തിന് കുറവ് നൽകുന്നതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കാൻ എൻക്വയറി 5/24/2018-ൽ ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയ്ക്ക് സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമാകയാലാണ് ഇളവുകൾ അനുവദിച്ചതെന്നുള്ള മറുപടി അംഗീകരിക്കത്തക്കതല്ല. 'ഗ്രാമ്യ 'സൂപ്പർ മാർക്കറ്റിൽ നിന്നും പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക ഈടാക്കേണ്ടതാണ്.

3. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നു വാടക ഈടാക്കുന്നില്ല.

ഷോപ്പിംഗ് കോംപ്ലക്സിൽ 124. 50 ചതുരശ്ര മീറ്റർ സ്ഥലത്ത് നാല് മുറികളിലായി പ്രവർത്തിക്കുന്ന സബ്ബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് നാളിതുവരെ വാടക ഈടാക്കിയിട്ടില്ല. കമ്മിറ്റിയുടെ 12.2-13ലെ II (1) തീരുമാനപ്രകാരമാണ് പി.ഡബ്ല്യു.ഡി നിരക്കിൽ വാടകയ്ക്ക് നൽകിയിട്ടുള്ളത് കോർപ്പറേഷൻ പ്രദേശമായ അഞ്ചാലുംമൂട്ടിൽ സർക്കാർ ഓഫീസുകൾക്ക് ഈടാക്കുന്ന നിരക്കനുസരിച്ച് മിനിമം 10,000/- രൂപ പ്രതിമാസ വാടക നിശ്ചയിച്ചാൽപ്പോലും 5 വർഷമായി ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 6,00,000 രൂപയാണ് . ആദ്യത്തെ 2 വർഷത്തെ തുക ഡിമാന്റ് ചെയ്യാത്തതിനാൽ ഇതിനകം കാലഹരണപ്പെട്ടിട്ടുണ്ട്. ആയത് പിരിച്ചെടുക്കാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. മേൽ സ്ഥാപനത്തിന് വാടക ഇളവ് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരവും വാടക ഈടാക്കാത്തതിന്റെ കാരണവും ബോധ്യപ്പെടുത്താൻ ഓഡിറ്റ് എൻക്വയറി നം.5/24-11-2018 ആവശ്യപ്പെട്ടതിന് നൽകിയ മറുപടി വാടക ഉടൻ തന്നെ മുൻകാലപ്രാബല്യത്തിൽ ഈടാക്കുമെന്നാണ്. സബ് രജിസ്ട്രാർ ഓഫീസിൽ നിന്നു പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.5/24.11.2018

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഡേറ്റാ എൻട്രിക്കായി സർക്കാർ നിർദ്ദേശമില്ലാതെ താല്ക്കാലിക ജീവനക്കാരിയെ നിയോഗിച്ചു – നഷ്ടം 19,880/- രൂപ

പദ്ധതി ആസൂത്രണ വേളയിൽ അവസ്ഥാ വിശകലന റിപ്പോർട്ട്, വികസനരേഖ എന്നിവയുടെ ഡേറ്റാ എൻട്രി നടത്തുന്നതിന് ശ്രീമതി. സിജി സെഫർണോസ് ,മിനി വിലാസം, കുമ്പളം പി.ഒ. എന്ന വ്യക്തിയെ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചിരിക്കുന്നു. ടിയാരിക്ക് ചുവടെ ചേർക്കുന്ന വൗചറുകൾപ്രകാരം 19,880/-രൂപ വേതനം ഇനത്തിൽ നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരിയുടെ പേര് | ജോലി ചെയ്ത ദിവസങ്ങൾ/ നിരക്ക് | വൗച്ചർ നമ്പർ /തീയതി | നൽകിയ വേതനം |
|---|---|---|---|---|
| 1 | സിജി സെഫർണോസ് | 22/ പ്രതിദിനം 650/-രൂപ | 08/17-18 10-05-17 | 14,300 |
| 2 | സിജി സെഫർണോസ് | കുടിശ്ശിക/ പ്രതിദിനം 710/-രൂപ | 12/17-18 9-6-17 | 1,320 |
| 3 | സിജി സെഫർണോസ് | 6/ പ്രതിദിനം 710/-രൂപ | 20/17-18 28-7-17 | 4,260 |
| | | | ആകെ | 19,880 |

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഡേറ്റാ എന്ട്രിക്കായി താല്ക്കാലിക ജീവനക്കാരെ നിയോഗിക്കുന്നതിന് അനുമതി നല്കികൊണ്ട് സർക്കാർ ഉത്തരവുകൾ നിലവിൽ ഇല്ലാത്തതിനാലും പദ്ധതി ആസൂത്രണം പ്രത്യേകം പദ്ധതിയായി നടപ്പിലാക്കിയിട്ടുള്ളതിനാലും വേതനം ഇനത്തിൽ നൽകിയ 19,880/- രൂപ നിരാകരിക്കുന്നു, ഈ തുക ജീവനക്കാരിയിൽ നിന്നോ ചെലവ് നടത്തിയ സെക്രട്ടറിയിൽനിന്നോ ഈടാക്കേണ്ടതാണ്.

### 3-2 പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണന സംവിധാനം - പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ -18,653/-രൂപ നിരാകരിക്കുന്നു

നിർവ്വഹണം – അസിസ്റ്റന്റ് ഡയറക്ടർ (കൃഷി )
പ്രോജക്ട്- നം. 83/18 പ്രാദേശിക ഉത്പന്നങ്ങൾക്ക് വിപണന സംവിധാനം
അടങ്കൽ – 5,25,000/-രൂപ
ചെലവ് – 5,25,000/-രൂപ

മേൽ പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളിലും കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ ഉത്പന്നങ്ങൾക്കുള്ള വിപണന സൗകര്യം ഒരുക്കുന്നതിന് 75,000/- രൂപ വീതം പഞ്ചായത്തിന്റെ / കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാർഷിക കർമ്മസേന, എക്കോ ഷോപ്പ്, കർഷക ഗ്രൂപ്പ്, നാളികേര ഉത്പാദക ഫെഡറേഷൻ, എന്നിവർക്ക് പഞ്ചായത്തുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നൽകുന്നു. അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണം' വാടക, അക്കൗണ്ടിംഗ് , സംഭരണം മുതലായ ഇനങ്ങൾക്കാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. ഓരോ ഉത്പന്നങ്ങളും വാങ്ങേണ്ട വിലയും വിൽക്കേണ്ട വിലയും ടെക്നിക്കൽ കമ്മിറ്റിയാണ് നിശ്ചയിക്കേണ്ടത്.

ഈ പദ്ധതിയുടെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) പദ്ധതി ആനുകൂല്യം ലഭിച്ച 7 ഗ്രൂപ്പുകളുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2) ബിൽ നം : 8/17-18 തീയതി 17 - 1 - 18 പ്രകാരം മാറിയ 3,00,000 രൂപയിൽ 75,000 രൂപ അനുവദിച്ചിട്ടുള്ളത് ചിറ്റുമല പച്ചക്കറി ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതിയ്ക്കാണ്. ഫയലിൽ പ്രസ്തുത സ്ഥാപനം അടിസ്ഥാന സൗകര്യ വികസനത്തിനായി വാങ്ങിയ 76,061/- രൂപയുടെ ബില്ലുകളും ഇൻവോയ്സുകളും ലഭ്യമായിട്ടുണ്ട്. അവയെല്ലാം തന്നെ 23-5-18 ന ശേഷം വാങ്ങിയതാണ്. ആയതിൽ നിന്ന് മുൻകൂറായി ആണ് തുക അനുവദിച്ചതെന്ന് വ്യക്തമാണ്. ബില്ലുകളുടെ നിജസ്ഥിതിയോ സ്റ്റോക്കോ നിർവ്വഹണ ഉദ്യോഗസ്ഥ ഒരുവേളയിലും പരിശോധിച്ചിട്ടില്ല . ഓഡിറ്റ് ടീം പ്രസ്തുത സ്ഥാപനത്തിൽ 26-11-18 ന നടത്തിയ സ്ഥല പരിശോധനയിൽ 23-5-18 ന് ആദിത്യ ഇൻഫോടെക് , കരുനാഗപ്പള്ളിയിൽനിന്ന് കമ്പ്യൂട്ടർ സോഫ്റ്റ് വെയറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ ബില്ലിലെ മൂന്നാമത്തെ ഇനമായ എക്സ്റ്റേണൽ ഹാർഡ് ഡിസ്ക് 1 ടി.ബി. സ്ഥാപനത്തിന് ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി. ഇക്കാര്യം സ്ഥാപനത്തിന്റെ അധികാരി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥ 21,755/- രൂപ അനുവദിച്ചിട്ടുള്ള ഈ ബില്ലിൽ 6,800/- രൂപ ഈ ഇനത്തിന്റെ വിലയാണ്. മാത്രമല്ല ഇതോടൊപ്പം അനുവദിച്ച 15,600 /- രൂപയുടെ കസേരകൾ ( പ്ലാസ്റ്റിക് 40 എണ്ണം) സ്ഥാപനത്തിന്റെ പ്രസിഡണ്ടിന്റെ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്ന വിവരവും സ്ഥാപന അധികാരി സാക്ഷ്യപ്പെടുത്തുന്നു. ഇക്കാര്യം ഓഡിറ്റിന് നേരിട്ട് ബോധ്യപ്പെട്ടതുമാണ്.

വാങ്ങാത്ത ഹാർഡ് ഡിസ്കിന് അനുവദിച്ച തുക 6,800/- രൂപ നിരാകരിക്കാതിരിക്കുന്നതിനും മുൻകൂർ അനുവദിച്ച തുകയിൽ വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് പരിശോധന നടത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 10/27-11-2018 -നുള്ള മറുപടിയിൽ ഹാർഡ് ഡിസ്ക് ഓഡിറ്റിനെ നേരിൽ കാണിച്ച് ബോധ്യപ്പെടുത്തിയതാണെന്ന് പറയുന്നുണ്ടെങ്കിലും ആയത് വസ്തുതാവിരുദ്ധമാണ്. മേൽ ഉപകരണം ലഭ്യമായിട്ടില്ലെന്ന് സ്ഥാപന സെക്രട്ടറി തന്നെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. ഇക്കാരണത്തിനാൽ ഹാർഡ് ഡിസ്കിന് അനുവദിച്ച തുക 6,800/- രൂപ നിരാകരിക്കുന്നു. ഈ തുക സ്ഥാപനത്തിൽനിന്നോ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

2) ബിൽ നം. : 15/17-18 തീയതി 14-3-18 പ്രകാരം മാറിയ 75,000/- രൂപ അനുവദിച്ചിരിക്കുന്നത് പേരയത്തുള്ള എക്കോ ഷോപ്പിനാണ്. പ്രോജക്ട് ലക്ഷ്യത്തിന് വിരുദ്ധമായി ഈ സ്ഥാപനം വിൽപ്പനയ്ക്കായി കാർഷിക സർവ്വകലാശാലയിൽ നിന്നും വാങ്ങിയ ജൈവവളം, പച്ചക്കറി വിത്തുകൾ, എന്നിവയ്ക്കുള്ള തുകകളും അനുവദിച്ചതായി കാണുന്നു. ജൈവകർഷകരിൽ നിന്നും അവർ ഉത്പാദിപ്പിച്ച പച്ചക്കറികൾ വാങ്ങുന്നതിനും അവ വിൽക്കുന്നതിനുമുള്ള സൗകര്യമൊരുക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ഇവിടെ ലാഭത്തിനായി കർഷകർക്ക്, പുറമേ നിന്ന് വാങ്ങി വിറ്റ ജൈവവളത്തിനും പച്ചക്കറിവിത്തിനും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്ന് വീണ്ടും തുക നൽകി. പച്ചക്കറിവിത്തിന് 2,775 രൂപയും ജൈവവളത്തിന് 9,078/- രൂപയും നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ നൽകിയ 11,853/- രൂപ നിരാകരിക്കുന്നു . ഈ തുക സ്ഥാപനത്തിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥയിൽനിന്നോ ഈടാക്കേണ്ടതാണ്.

നിരാകരണം-18,653/- (6,800 + 11,853)

എൻക്വയറി -10/27.11.2018

## 3-3 <u>തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച **82,750/-**രൂപ തിരികെ കിട്ടാൻ ശേഷിക്കുന്നു</u>

IWMP / PMSKY അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ മതിയായ തുക ബാലൻസില്ലാത്തതിനാൽ 2017 മേയ് മാസം മുതൽ വിവിധ ചെലവുകൾക്കായി തനതുഫണ്ടിൽനിന്നും 1,30,750 രൂപ ചെലവ് നടത്തിയിട്ടുണ്ട്. IWMP / PMSKY അഡ്മിനിസ്ട്രേഷൻ ഫണ്ടിൽ തുക വരുമ്പോൾ റീകൂപ്പ് ചെയ്യാം എന്ന വ്യവസ്ഥയിലാണ് കമ്മിറ്റി ആയതിന് അനുമതി നല്കിയിട്ടുള്ളത്. ഇങ്ങനെ ചെലവഴിച്ച തുകയിൽ 82,750 രൂപ ഇനിയും തിരികെ കിട്ടാനുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ആവശ്യം | തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | തിരികെ കിട്ടിയ തുക | തിരികെ കിട്ടാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 10.04.17 | ശമ്പളം DEO | 12,000 | 48,000 | 82,750 |
| 2 | 18.05.17 | ശമ്പളം DEO | 12,000 | | |
| 3 | 09.06.17 | ശമ്പളം DEO | 12,000 | | |
| 4 | 28.06.19 | ലീവ് സറണ്ടർ DEO | 6,000 | | |
| 5 | 28.06.19 | ലീവ് സറണ്ടർ എഞ്ചിനീയർ | 7,500 | | |
| 6 | 28.06.19 | ലീവ് സറണ്ടർ സേഷ്യൽ മൊബിലൈസർ | 6,500 | | |
| 7 | 05.07.17 | ശമ്പളം DEO | 12,000 | | |
| 8 | 11.08.17 | ശമ്പളം DEO | 12,000 | | |
| 9 | 30.08.17 | ശമ്പളം DEO | 12,000 | | |
| 10 | 30.08.17 | ഉത്സവബത്ത | 2,750 | | |
| 11 | 03.10.17 | ശമ്പളം DEO | 12,000 | | |
| 12 | 02.11.17 | ശമ്പളം DEO | 12,000 | | |
| 13 | 01.12.17 | ശമ്പളം DEO | 12,000 | | |
| | | ആകെ | 1,30,750 | 48,000 | 82,750 |

ശേഷിക്കുന്ന തുക റീകൂപ്പ് ചെയ്ത് വിശദവിവരം ഓഡിറ്റിലറിയിക്കേണ്ടതാണ്.

## 3-4 ഗവ.വൃദ്ധ സദനത്തിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ-ടെണ്ടർ നടപടികളിലെ അപാകതകൾ

ഗവ.വൃദ്ധ സദനത്തിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ പദ്ധതിയിൽ ടെണ്ടർ നടപടികളിൽ അപാകതകൾ സംഭവിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ഗവ.വൃദ്ധ സദനം |
| പദ്ധതി,നം | ഗവ.വൃദ്ധ സദനത്തിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ (8/18) |

| | |
|---|---|
| അടങ്കൽ തുക | 50,000/-(വികസന ഫണ്ട്) |
| ചെലവ് തുക | 47,090<br>(15/17-18/12.1.18) |

ഗവ.വൃദ്ധ സദനത്തിലേയ്ക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികളിൽ ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചു.

1.ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനായി 27.7.2017-ൽ ക്വട്ടേഷൻ ക്ഷണിച്ചുപ്രകാരം മൂന്ന് സ്ഥാപനങ്ങൾ ക്വട്ടേഷനിൽ പങ്കെടുക്കുകയും ക്വട്ടേഷനിൽ വ്യക്തമാക്കിയ പ്രകാരമുള്ള സ്പെസിഫിക്കേഷനോട് കൂടിയ മെഷീന്റെ നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഐശ്വര്യ സിസ്റ്റംസ് ,അടൂർ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചില്ല.

2.Mono Chrome Laser 1 Year Warranty ഫോട്ടോസ്റ്റാറ്റ് മെഷീൻ വിലയുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| ഐശ്വര്യ സിസ്റ്റംസ് | കെ.എം. ടെക്നോളജീസ് | എം.പി. അസോസിയേറ്റ്സ് (Duplex) |
|---|---|---|
| 40,000 | 41,000 | 42,750 |

മെഷീന്റെ ഗുണമേന്മയിലും,സ്ഥാപനത്തിന്റെ വില്പനാന്തര സർവീസും,ഗുണമേന്മയും തൃപ്തികരമല്ല എന്ന് സൂപ്രണ്ട് രേഖാമൂലം അഭിപ്രായപ്പെട്ടതിനാലും, ക്വട്ടേഷൻ പൂർണ്ണമായും പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമം പാലിക്കാതെ ആയതിനാലും,നെഗോസിയേഷൻ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അറിവോടെ അല്ലാത്തതിനാലും ടി ക്വട്ടേഷൻ റദ്ദുചെയ്ത് പുതിയ ക്വട്ടേഷൻ ക്ഷണിക്കാൻ സൂപ്രണ്ടിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.(തീരുമാനം നം.21.8.2017 ലെ 1,2-ാം നമ്പർ തീരുമാനങ്ങൾ).

എന്നാൽ മെഷീന്റെ ഗുണനിലവാരം ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽനിന്നും നടപടിക്രമം പാലിക്കാത്തത് സംബന്ധിച്ച് യാതൊരു വിവരങ്ങളും ഉൾപ്പെട്ടിട്ടില്ല. സ്ഥാപനത്തിന്റെ വില്പനാന്തര സർവീസും,ഗുണമേന്മയും തൃപ്തികരമല്ല എന്ന് സൂപ്രണ്ട് രേഖാമൂലം അഭിപ്രായപ്പെട്ടതിന്റെ വിശദാംശങ്ങളൊന്നും ലഭ്യമായിട്ടില്ല.ആയതിനാൽ

ക്വട്ടേഷൻ റദ്ദ് ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാകുന്നില്ല.

2. 31.10.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം Mono Chrome Laser 3 Year Warranty Auto Duplex ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിനായി വീണ്ടും 1.11.2017 തീയതിയിൽ ക്വട്ടേഷൻ ക്ഷണിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്കക്വാട്ട് ചെയ്ത സ്ഥാപനമായ കെ.എം.ടെക്നോളജീസിന്റെ 47,290/- രൂപയുടെ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തുകയുണ്ടായി. ഇപ്രകാരം കൃത്യമായ സ്പെസിഫിക്കേഷനോട് കൂടി ആദ്യം ക്വട്ടേഷൻ വിളിക്കുകയും നടപടിക്രമങ്ങൾ പാലിച്ച് ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങളെ അവ്യക്തമായ കാരണങ്ങളാൽ ഒഴിവാക്കിയിരിക്കുന്നു.

3.ആദ്യ ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ Auto Duplex മെഷീന്റെ നിരക്ക് 42,750/-രൂപ ക്വാട്ട് ചെയ്ത സ്ഥാപനമായ എം.പി.അസോസിയേറ്റ്സിനെ പരിഗണിക്കാതിരുന്നതിനുള്ള സാഹചര്യം വ്യക്തമാകുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് Auto Duplex ,3 Year Warranty മെഷീൻ വാങ്ങുന്നതിന് വേണ്ടിയാണ് ആദ്യ ടെണ്ടർ നിരസിച്ചത് എന്നാണ്.എന്നാൽ പ്രോജക്ട് രൂപീകരണ വേളയിലും,ആദ്യ ടെണ്ടർ ക്ഷണിച്ച അവസരത്തിലും ഈ നിബന്ധനകൾ വയ്ക്കാതെ ആദ്യ ടെണ്ടർ നിരസിച്ച ശേഷമാണ് പുതിയ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടുള്ളത്.ആദ്യ ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ Auto Duplex മെഷീന്റെ നിരക്ക് 42,750/-രൂപ ക്വാട്ട് ചെയ്ത സ്ഥാപനമായ എം.പി.അസോസിയേറ്റ്സിനെ പരിഗണിക്കുകയും അഡീഷണൽ വാറണ്ടിക്ക് കൂടി നിബന്ധന വയ്ക്കുകയും ചെയ്തിരുന്നെങ്കിൽ ഇപ്പോൾ വാങ്ങിയ നിരക്കായ 47,290/- രൂപയേക്കാൾ കുറഞ്ഞ നിരക്കിന് മെഷീൻ വാങ്ങാൻ സാധിക്കുമായിരുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ഭാഗത്തുനിന്നുള്ള തീരുമാനത്തിന് വിധേയമായാണ് രണ്ടാമതായി ടെണ്ടർ വിളിക്കാനുണ്ടായ സാഹചര്യമുണ്ടായത്. ഇത്തരത്തിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.4/24.11.2018

## 3-5 സൗരവൈദ്യുത ഉല്പാദക സംവിധാനം -നിർവഹണ മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല -കേന്ദ്ര ഇൻസെന്റീവ് ലഭ്യമായില്ല.

പ്രോജക്ട് നം.122/18

പ്രോജക്ടിന്റെ പേര്- ചിറ്റുമല ബ്ലാക്ക് ഓഫീസ് കോമ്പൗണ്ടിൽ സോളാർ

അടങ്കൽ -5ലക്ഷം(വികസനഫണ്ട്), 8,50,000/-(തനതുഫണ്ട്)
ചെലവ്-13,20,000/-(5ലക്ഷം-ബിൽ നം-33/19.2.18,8,20,000/-16.3.18 ലെ അക്കൗണ്ട് ട്രാൻസ്ഫർ)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ 15KW ക്ഷമതയുള്ള സോളാർപാനൽ സ്ഥാപിക്കുന്നതിനായി 13,50,000/- രൂപ അനർട്ടിൽ നിക്ഷേപിച്ചു. മേൽ പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.അക്ഷയോർജ ഉപകരണങ്ങൾ അനർട്ട് എം പാനൽ ചെയ്ത സ്ഥാപനങ്ങളിൽനിന്ന് മത്സരാധിഷ്ഠിത ടെണ്ടറിലൂടെ വാങ്ങണമെന്ന് 03.04.2017ലെ സ.ഉ.(എം.എസ്.) നം.80/2017/തസ്വഭവ. ഉത്തരവിൽ വ്യക്തമാക്കുകയും അനർട്ട് എം പാനൽ ചെയ്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുകയും ചെയ്തിരിക്കെ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാതെ അനർട്ടിൽ തുക നിക്ഷേപിക്കുകയാണുണ്ടായത്. ഇത്തരത്തിൽ മേൽ പ്രോജക്ട് നിക്ഷേപവേലയായി നടപ്പാക്കാൻ അനർട്ടിനെ നിർവ്വഹണ ഏജൻസിയായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് പ്രവൃത്തി സോളാർ പാനൽ സ്ഥാപനത്തിന്അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2.അനർട്ട് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 75,000/- രൂപ സ്ട്രക്ചറിന്റെ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പ്രോജക്ട് നിർവ്വഹണത്തിന്റെ ആരംഭത്തിൽ ചരിഞ്ഞ പ്രതലത്തിലാണ് ആയത് സ്ഥാപിക്കാൻ ഉദ്ദേശിച്ചതെന്നും എന്നാൽ പിന്നീട് ഫ്ലാറ്റായ പ്രതലത്തിലേക്ക് മാറ്റിയതാണെന്നും ആയതിനാലാണ് എസ്റ്റിമേറ്റിൽ മേൽ ഇനം കൂടി ഉൾപ്പെടുത്തിയതെന്നും മറുപടി ലഭ്യമാക്കി. നിലവിൽ എസ്.സി.ഡി.ഒ ഓഫീസിനു മുകളിൽ പരന്ന പ്രതലത്തിലാണ് ആയത് സ്ഥാപിച്ചുകാണുന്നത്. നിലവിൽ ഫ്ലാറ്റായ പ്രതലത്തിൽ സൗരപാനൽ സ്ഥാപിക്കുന്നതിന് പ്രത്യേക സ്ട്രക്ച്ചർ ആവശ്യമില്ലെന്നിരിക്കെ എസ്റ്റിമേറ്റിൽ അധികമായി ഉൾപ്പെടുത്തി ചെലവ് ചെയ്ത തുക 75,000/-നിരാകരിക്കുന്നു. ടി തുക അനർട്ടിൽനിന്ന് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3.സൗരവൈദ്യുതനിലയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന തസ്വദ സ്ഥാപനം ആയതിന്റെ പ്രൊപ്പോസൽ online ആയി സമർപ്പിക്കണമെന്നും ശൃംഖലാബന്ധിത സൗരനിലയത്തിന് പദ്ധതി നിർവഹണ പുരോഗതി ക്കനുസരിച്ച് KW ന് 16,250/- രൂപ നിരക്കിൽ ഇൻസെന്റീവ് ലഭിക്കുമെന്നും കേന്ദ്ര സർക്കാരിന്റെ 30.03.17 ലെ 03/88/2015-16 GCRT നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇൻസെന്റീവിന്റെ 3% തുക സർവ്വീസ് ചാർജ്ജായി നിർവ്വഹണ ഏജൻസിയ്ക്ക് ലഭിക്കുമെന്നും മേൽ നോട്ടിഫിക്കേഷനിൽ വ്യക്തമാക്കുന്നു. എന്നാൽ അനർട്ടിന് 10 ശതമാനം തുക (1,20,000/-) സർവ്വീസ് ചാർജ്ജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മേൽ പ്രോജക്ട് നിർവ്വഹണത്തിന്റെ മുന്നോടിയായി മേൽ നിർദ്ദേശപ്രകാരം പ്രോജക്ട് പ്രൊപ്പാസൽ സമർപ്പിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഇൻസെന്റീവ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് 2/2018 ൽ മാത്രമാണ് നിലവിൽ വന്നതെന്ന മറുപടി ലഭ്യമാക്കി. എന്നാൽ 30.3.17 ലെ കേന്ദ്രസർക്കാർ നം.3/88/15-16/GCRT നോട്ടിഫിക്കേഷൻ പ്രകാരം മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചെങ്കിലും ആയത് പാലിക്കുവാൻ തദ്ദേശസ്ഥാപനമോ, നിർവ്വഹണ ഏജൻസിയും സാങ്കേതിക സഹായവും പ്രദാനം ചെയ്യാൻ ചുമതലപ്പെട്ട അനർട്ടോ നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഇൻസെന്റീവ് ഇനത്തിൽ 2,43,750/-രൂപയുടെ വരവുനഷ്ടം ഉണ്ടാകാനിടയായിട്ടുണ്ട്. സോളാർ പാനൽ നിർദ്ദിഷ്ട സമയപരിധിയ്ക്കകം സ്ഥാപിക്കുവാൻ അനർട്ടിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇൻസെന്റീവ് ലഭ്യമാക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ക്രമരഹിതമായ നടപടികളിലൂടെയുള്ള സോളാർ പാനൽ സ്ഥാപനത്തിലൂടെ 75,000/- രൂപ അധികരിച്ച് നൽകിയത് ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ MNRE യിൽ നിന്ന് ലഭ്യമാകേണ്ട ഇൻസെന്റീവ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

(നിരാകരണം-75,000/-രൂപ
ഓഡിറ്റ് എൻക്വയറി-നം-26/11/18)

## 3-6 41- ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം-വകയിരുത്തലുകൾ ആനുപാതികമായി ചെലവ്ചെയ്തില്ല

പ്രോജക്ട്നം-11/18

വികസനഫണ്ട്-11ലക്ഷം, ഗ്രാമപഞ്ചായത്ത് വിഹിതം – 4 ലക്ഷം

കരാറുകാരൻ – ശ്രീ.കബീർകുട്ടി
ചെലവു തുക -8,82,378/-രൂപ (ബിൽ നം.33/5-3-18 – 4,60,915/-രൂപ, 38/31.3.18 -1,21,668/-)
ചെക്ക് നം. 4994429/31.3.18 -11,818/-രൂപ
672011/23-7-2018 – 2,87,977/-രൂപ

മേൽ പ്രോജക്ടിനായി വകയിരുത്തിയിരുന്ന ഗ്രാമപഞ്ചായത്ത് വിഹിതമായ 4 ലക്ഷം രൂപയിൽ 2,87,977/- രൂപ മാത്രമാണ് 2018-19 ൽ ലഭ്യമായത്. പ്രോജക്ട് വകയിരുത്തലിന് ആനുപാതികമായി ചെലവ് നടത്തണമെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിരുന്ന വികസനഫണ്ടുമാത്രം പൂർണ്ണമായി ചെലവഴിക്കുകയും മറ്റു തദ്ദേശസ്ഥാപനവിഹിതം പൂർണ്ണമായും ലഭ്യമാക്കുന്നതിനും വകയിരുത്തലിന് ആനുപാതികമായി ചെലവുചെയ്യുന്നതിനും നടപടി സ്വീകരിക്കാഞ്ഞതും നടപടിക്രമങ്ങളിലെ വീഴ്ചയായി കണക്കാക്കുന്നു. മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 2017-18 വർഷം ഗ്രാമപഞ്ചായത്തിന് തുക നൽകിയിരുന്നില്ലെന്നും 2018-19 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് വിഹിതം നൽകിയതെന്നുള്ള മറുപടി ലഭ്യമാക്കി. ഇത്തരത്തിലുള്ള ക്രമരഹിതമായ നടപടികൾ ഒഴിവാക്കേണ്ടതും വകയിരുത്തലുകൾക്ക് ആനുപാതികമായിചെലവുചെയ്യേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം-8/26.11.18)

## 3-7 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-33,04,350/-രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു

2017-18 വർഷം നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

1.സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ

| ക്രമ നം | പദ്ധതി , നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | പാലിയേറ്റീവ് കെയർഒന്നാംഘട്ടം ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ<br>(79/18) | 8,75,000/-<br>(വികസന ഫണ്ട്) | 2,50,000/-<br>6,25,000/- | 14/17-18/ 13.10.17<br>19/17-18/ 23.10.17 | വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക<br>പെരിനാട് ഗ്രാമപഞ്ചായത്ത്- 6,000/-<br>കുണ്ടറ ഗ്രാമപഞ്ചായത്ത്- 1,25,000/- |

| | | | | | |
|---|---|---|---|---|---|
| | | | | | പേരയം ഗ്രാമപഞ്ചായത്ത്- 50,000/-<br>കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്- 1,25,000/-<br>മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത്- 1,25,000/-<br>തൃക്കരുവ ഗ്രാമപഞ്ചായത്ത്- 1,25,000/- |
| 2. | ജീവനം<br>(നം29/18) | 2,00,000/-<br>(വികസന ഫണ്ട്) | 2,00,000/- | 10/17-18 /18.8.17 | 2,00,000/- രൂപ കൊല്ലം ജില്ലാ പഞ്ചായത്തിന് നൽകി |
| 3. | IKM ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ<br>(നം.2/18) | 57,250/-<br>(വികസന ഫണ്ട്) | 57,250/- | 6/17-18 /25.7.17 | 57,250/-രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ,<br>ഇൻഫർമേഷൻ കേരള മിഷൻ,<br>തിരുവനന്തപുരം |
| 4. | ലൈഫ് മിഷൻ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ<br>(നം.136/18) | 13,00,000/-<br>(വികസന ഫണ്ട്) | 5,00,000/-<br>8,00,000/- | 54/17-18/ 16.3.18<br>66/17-18 /28.3.18 | വിനിയോഗിക്കാൻ അവശേഷിക്കുന്ന തുക<br>കുണ്ടറ ഗ്രാമ പഞ്ചായത്ത്- 5,00,000/-<br>പേരയം ഗ്രാമ പഞ്ചായത്ത്- 800000/- |
| 5. | ബ്ലോക്ക്ഓഫീസ് കോമ്പൌണ്ടിൽഡിജിറ്റൽ ഡിസ്പ്ലേ യൂണിറ്റ്<br>(നം.136/18) | 1,70,000/-<br>(തനത് ഫണ്ട്) | 168750/- | ചെലാൻ നം.<br>KLO/2268411 /17-18/28.3.18 | 1,68,750/-രൂപ പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗം, തിരുവനന്തപുരം ഡെപ്പോസിറ്റ് ചെയ്തു |
| 6. | ബ്ലോക്ക് പഞ്ചായത്തിന് കോൺഫറൻസ് സിസ്റ്റം (നം.123/18) | 3,00,000/-<br>(തനത് ഫണ്ട്) | 2,54,250/- | ചെലാൻ നം.<br>KLO/2268515 /17-18/28.3.18 | 2,54,250/-രൂപ പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗം, തിരുവനന്തപുരം ഡെപ്പോസിറ്റ് ചെയ്തു |
| 7. | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ പബ്ലിക് അഡ്രസിംഗ് സിസ്റ്റം (നം.124/18) | 5,00,000/-<br>(തനത് ഫണ്ട്) | 143100/- | ചെലാൻ നം.<br>KLO/2268320 /17-18/28.3.18 | 1,43,100/-രൂപ പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് വിഭാഗം, |

| | | | | | |
|---|---|---|---|---|---|
| | | | | | തിരുവനന്തപുരം ഡെപ്പോസിറ്റ് ചെയ്തു |
| | | | | ആകെ | 26,79,350/- |

2.സി.ഡി.പി.ഒ ചിറ്റുമല,സി.ഡി.പി.ഒ അഞ്ചാലുംമൂട് എന്നിവർ നിർവഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ

| നിർവഹണോദ്യോഗസ്ഥ | പദ്ധതി , നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| സി.ഡി.പി.ഒ ചിറ്റുമല | അംഗപരിമിതർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ (ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ) പദ്ധതി (49/18) | 2,00,000/- (വികസന ഫണ്ട്) | 2,00,000/- | 3/17-18/ 14.8.17 | കൊല്ലം ജില്ലാ പഞ്ചായത്തിന് നൽകി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| സി.ഡി.പി.ഒ അഞ്ചാലുംമൂട് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ) (നം59/18) | 5,68,740/- (വികസന ഫണ്ട്) | 2,25,000/- | 1/17-18/ 21.10.17 | തൃക്കരുവ ഗ്രാമ പഞ്ചായത്തിന് നൽകി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനങ്ങൾ (നം.83/18) | 4,00,000/- (വികസന ഫണ്ട്) | 2,00,000/- | 2/17-18 /21.101.7 | പനയം ഗ്രാമ പഞ്ചായത്തിന് നൽകി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| | | ആകെ | 6,25,000 /- | | |

വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 33,04,350/-രൂപ

## **3-8** <u>പത്താംതരം,ഹയർസെക്കന്ററി തുല്യതാ പഠിതാക്കൾക്ക് ധനസഹായം- അധികം തുക നൽകി-4,200/- രൂപ നിരാകരിക്കുന്നു.</u>

പത്താംതരം, ഹയർസെക്കന്ററി തുല്യതാ പഠിതാക്കൾക്ക് ധനസഹായം പദ്ധതിയിൽ ഹയർസെക്കന്ററി തുല്യതാ പഠനത്തിനായി ഒരു വ്യക്തിക്ക് രണ്ട് തവണ തുക ഒടുക്കു വരുത്തുകയും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടാത്ത വ്യക്തിക്കായി പത്താംതര തുല്യതാ പഠനത്തിനായി 1,950/- രൂപ ചെലവഴിച്ചതിനാലും 4,200/- രൂപയുടെ നഷ്ടം സംഭവിച്ചു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി,നം | പത്താംതര, ഹയർസെക്കന്ററി തുല്യതാ പഠിതാക്കൾക്ക് ധനസഹായം<br>പ്രോജക്ട് നം.(22/18) |
| അടങ്കൽ തുക | 4,98,750/(വികസന ഫണ്ട്) |
| ചെലവ് തുക | 4,98,750/-ബിൽ നം./തീയതി (22/17-18/8.1.18) |

1. ഹയർസെക്കന്ററി തുല്യതാ പഠനത്തിനായി ഒരു വ്യക്തിക്ക് രണ്ട് തവണ തുക ഒടുക്കു വരുത്തി.

| ഗുണഭോക്താവിന്റെ പേര് വിവരം | ഗ്രാമ പഞ്ചായത്ത് | ഒടുക്കു വരുത്തിയ തുക | അധികം ഒടുക്കു വരുത്തിയ തുക |
|---|---|---|---|
| ജുനൈത്ത് .എൻ, ഷഹാന മൻസിൽ, തെക്കേച്ചേരി, വന്മള ക്രമനം.12,27 | തൃക്കുരുവ | 2,250x2=4,500/- | 2,250/- |

2.ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടാത്ത നഗര സഭാപരിധിയിലുൾപ്പെടുന്ന ശരണ്യ.എം,വിനീത ഭവൻ, കുരീപ്പുഴ.പി.ഒ, പെരിനാട് എന്ന വ്യക്തിക്കായി പത്താംതര തുല്യതാ പഠനത്തിനായി 1,950/- രൂപ ചെലവഴിച്ചു.

3.ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ആനുകൂല്യം ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അതാത് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിട്ടില്ല.

അധികമായി ഒടുക്കു വരുത്തിയ രൂപ-4,200/- തുക തിരികെ ഈടാക്കേണ്ടതും , അതാത് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ശ്രദ്ധിക്കേണ്ടതുമാണ്.

## 3-9 വിദ്യാദീപം-പദ്ധതി-വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി

വിദ്യാദീപം-പദ്ധതിയിൽ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി

ഗ്രാമ/നഗരസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കേണ്ട പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി. വാല്യുവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി.

| നിർവഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
|---|---|
| പദ്ധതി,നം | വിദ്യാദീപം<br>(112/18) |
| അടങ്കൽ തുക | 62,00,000/(വികസന ഫണ്ട്) |
| ചെലവ് തുക | 42,50,000<br>(4/17-18/30.1.18-14,00,000)<br>(5/17-18/30.1.18-13,00,000)<br>(8/17-18/6.3.18-3,00,000)<br>(9/17-18/28.3.18-3,50,000)<br>(10/17-18/28.3.18-1,50,000)<br>(11/17-18/28.3.18-3,50,000)<br>(12/17-18/28.3.18-2,00,000)<br>(14/17-18/31.3.18-2,00,000) |

1.വിദ്യാദീപം പദ്ധതി പ്രകാരം 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് പഠനം നടത്തുന്നതിന് ഭവനത്തോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നു.സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗ്രാമ/നഗര സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കേണ്ട പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി.

2.വാല്യൂവേഷൻ സർട്ടിഫിക്കറ്റിലെ നിരക്കിനേക്കാൾ അധികരിച്ച് തുക അനുവദിച്ച് നൽകി.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | ഗ്രാമ പഞ്ചായത്തിന്റെ പേര് | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള നിരക്ക് | അനുവദിച്ച് നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| അഭിരാജ്, രാജു.കെ<br>ആര്യ നിവാസ്,<br>ഇടവട്ടം, വെള്ളിമൺ പി.ഒ | പെരിനാട് ഗ്രാമ പഞ്ചായത്ത് | 82,233 | 1,00,000 | 17,767 |
| ദേവി കൃഷ്ണൻ<br>ഷാജി.ഡി | കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത് | 75,508 | 90,000 | 14,492/- |

| | | | | |
|---|---|---|---|---|
| ഷാജി മന്ദിരം,താഴം കിഴക്കേകല്ലട | | | | |
| | | | ആകെ | 32,259/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത് അപേക്ഷ സമർപ്പിക്കുന്ന സമയത്ത് നൽകിയിട്ടുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ തുക കുറവാണെന്നും പണി പൂർത്തീകരിക്കുന്നതിന് മുൻപായി ഒരു ലക്ഷം രൂപയ്ക്ക് മേൽ വാല്യുവേഷൻ വാങ്ങി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നുമെന്നാണ്.എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും പെരിനാട് ഗ്രാമപഞ്ചായത്ത്, കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത് ഓവർസിയമാരുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയിട്ടുള്ള 32,259/- രൂപ തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്. ഇതു കൂടാതെ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ഗ്രാമ/നഗരസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കേണ്ട പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയതിന് സർക്കാരിൽനിന്ന് അനുമതി വാങ്ങി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.3/22.11.18

നിരാകരിച്ച തുക – 32,259/-രൂപ

## 3-10 വിദ്യാപീഠം പദ്ധതി -പണി പൂർത്തീകരിച്ചിട്ടില്ല

വിദ്യാപീഠം പദ്ധതിപ്രകാരം പഠനമുറി നിർമ്മിക്കുന്നതിനായി ഒരു വിദ്യാർഥിക്ക് 1,00,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിയിട്ട് നാളിതുവരെ പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 90,000/- രൂപ കൈപ്പറ്റിയ ഗുണഭോക്താക്കൾ | 50,000/- രൂപ കൈപ്പറ്റിയ ഗുണഭോക്താക്കൾ |
|---|---|
| 1.ദീപ.ജി, ദിയ.ഡി, ചേരിക്കാട്ടിൽ, പ്രാക്കുളം | 1.മണികണ്ഠൻ, ലക്ഷംവീട് നമ്പർ-20, പെരിനാട് |
| 2.അഖില അനിൽകുമാർ, | 2.ശിവകൈലാസ്, |

| | |
|---|---|
| പണ്ടകശ്ശാല<br>തെക്കതിൽ,<br>വെള്ളിമൺ വെസ്റ്റ്,<br>പെരിനാട് | വർഷാലയം, മുളവന |
| 3.ആതിര.ജി, ഗിരിജ,<br>അനന്ദുഭവനം,<br>കിഴക്കേകല്ലട | 3.ഗീതീകുമാരി, സുരേഷ്,<br>കുളപ്പുറത്ത്<br>കിഴക്കതിൽ,<br>കിഴക്കേകല്ലട |
| 4.അരുൺ.എസ്,വനജ,<br>രഘുമന്ദിരത്തിൽ<br>കിഴക്കതിൽ,<br>പെരിങ്ങാലം | 4.സജിത, കിഴക്കേകരവിളവീട്, ൦൩ൺ വാർഡ്,<br>കിഴക്കേകല്ലട |
| 5.അഖിൽ.എസ്, ലീന,<br>ചിറയിൽ വീട്,<br>തെക്കേചേരി, തൃക്കരുവ | 5.ഷാജൻ.ജി, കാർത്തു ഭവനം,<br>തൃക്കരുവ |
| 6.ശരത്രാജ്,രാജൻ.കെ,<br>ശരണ്യ നിവാസ്,<br>മുട്ടം, കൊച്ചു പ്ലാമൂട് | 6.പ്രസന്ന, ചന്ദ്രാലയം,<br>കിഴക്കേകല്ലട |

പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

കുണ്ടറ സി.എച്ച്.സി മെഡിക്കൽ ഓഫീസർ വിവിധ പ്രോജക്ടുകളിലായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമായിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ ഫണ്ടിനം. | അടങ്കൽ തുക | ബില്ല്- ചെക്ക് നം. /തീ | ചെലവ്തുക/ (രൂപ) ലഭ്യമായ മരുന്നിന്റെ | കെ.എം. സി.എൽ പ്രോഫോമ നം.തീ | ലഭിക്കു വാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | വില | | |
| 1. | 36/18-<br>മരുന്ന് വാങ്ങൽ -റോഡിതരം | 5,00,000 (MGNR) | 1/17-18-6.11.17 | 5,00,000/-<br>4,66,158/- | PRF1523/<br>21.10.2017 | 33,842/- |
| 2. | 48/18-<br>പാലിയേറ്റീവ് കെയർ സെക്കന്ററി ഘട്ടം | 2,00,000 (തനത് ഫണ്ട്) | ചെക്ക് നമ്പർ<br>4994424 /16.2.18 | 84,803/- | PRF4948/<br>15.3.2018<br>PRF 5431/<br>24.3.2018<br>PRF 2004/<br>24.3.2018 | 46,803<br>19,040<br>960 |
| | | | | | ആകെ | 1,00,645/-രൂപ |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-12 സംയുക്തപ്രോജക്ടുകൾ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ മുഖേനയുള്ള പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറിയിട്ടുണ്ടെങ്കിലും പ്രോജക്ട് പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ/വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 34,10,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ വിവരം | തുക | ബിൽ നം/തീയതി |
|---|---|---|---|
| 111/18 | കോളാട്ടിറക്ക്-ട്രാൻസ്ഫോർമർജംഗ്ഷൻ-രംഗേലത്തിറക്കം റോഡും ഓടയും | 2,00,000/- | 6/9.8.17 |
| 105/18 | കണ്ണങ്കരേഴത്ത് മാർത്തോമ്മ പള്ള – ഗവ.എൽ.പി.എസ് റോഡ് മെറ്റലിംഗ്,ടാറിംഗ് | 2,00,000/- | 7/10.8.17 |
| 108/18 | ആൽത്തറമുകൾ-മായംകോട് റോഡ് റീടാറിംഗ് | 2,50,000/- | 2/10.8.17 |

| | | | |
|---|---|---|---|
| 100/18 | ലെനിൻമന്ദിരം-പടിഞ്ഞാറ്റതിൽ കായൽവാരം റോഡ് | 1,75,000/- | 17/24.12.17 |
| 99/18 | ഗുരുമന്ദിരംമുക്ക്-തകരപ്പാലം റോഡ് | 1,75,000/- | 29/14.2.18 |
| 97/18 | പാമ്പാലിൽ - വാർഡിൽ മതിരൂർ കരുവിള റോഡ് | 1,75,000/- | 18/20.1.17 |
| 98/18 | പൂവണ്ടൽതെക്ക്- ഒറ്റതെങ്ങിൽ റോഡ് | 1,75,000/- | 16/29.12.17 |
| 82/18 | താന്നിക്കട - ഞാറവിള റോഡ് കോൺക്രീറ്റിംഗ് | 1,75,000/- | 13/29.12.17 |
| 84/18 | പൗർണമിജംഗ്ഷൻ – പാലക്കടജയന്തി കോളനി റോഡ് കോൺക്രീറ്റിംഗ് | 1,75,000/- | 15/29.12.17 |
| 85/18 | പാറക്കടവ്-സ്വജൽധാരറോഡ് കോൺക്രീറ്റിംഗ് | 1,75,000/- | 14/28.12.17 |
| 118/18 | 13-ാം നമ്പർ അംഗൻവാടി ഏലാറോഡ് കോൺക്രീറ്റിംഗ് | 1,75,000/- | 17/28.12.17 |
| 119/18 | ഇടയ്ക്കാട് വിള റോഡ് നവീകരണം | 2,00,000/- | 8/22.8.18 |
| 20/18 | ചിറക്കരോട്ട് പാലവിള ഇഞ്ചവിള റോഡ് | 1,50,000/- | 20/20.1.18 |
| 25/18 | ചാപ്രാത്തട-കായൽവാരം റോഡ് | 2,50,000/- | 19/20.1.17 |
| 26/18 | ചിറക്കരോട്ട് പാലവിള ഇഞ്ചിവിള റോഡ് കോൺക്രീറ്റിംഗ് | 2,50,000/- | 20/20.1.18 |
| 88/18 | തെങ്ങുവിള കായൽവാരം- കല്ലുവിള റോഡ് കോൺക്രീറ്റിംഗ് | 2,50,000/- | 11/28.12.17 |
| 15/18 | തെങ്ങുവിള കായൽവാരം റോഡ് | 1,30,000/- | 25/14.2.18 |
| 16/18 | തുണ്ടുവിള-മുനമ്പത്ത്കടവ് റോഡ് ടാറിംഗ് | 1,30,000/- | 23/20.1.18 |
| | | 34,10,000/- | |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പേരയം ഗ്രാമ പഞ്ചായത്ത് | 2017-18 | 2,20,000 | PMAY General | 2,20,000 | - |
| പേരയം ഗ്രാമ പഞ്ചായത്ത് | 2017-18 | 6,25,000 | IAYഅധിക ധനസഹായം | 6,25,000 | - |
| തൃക്കരുവ ഗ്രാമ പഞ്ചായത്ത് | 2017-18 | 60,000 | PMAY General | 60,000 | - |
| പനയംഗ്രാമ പഞ്ചായത്ത് | 2017-18 | 40,000 | PMAY General | 40,000 | - |
| പെരിനാട്ഗ്രാമ പഞ്ചായത്ത് | 2016-17 | 40,000 | PMAY General | 40,000 | - |
| കുണ്ടറഗ്രാമ പഞ്ചായത്ത് | 2017-18 | 20,000 | PMAY General | 20,000 | - |
| കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | 2017-18 | 60,000 | PMAY General | 60,000 | - |
| കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | 2017-18 | 70,000 | PMAY SCP | 70,000 | - |
| മൺട്രോതുരുത്ത് ഗ്രാമ പഞ്ചായത്ത് | 2017-18 | 40,000 | PMAY General | 40,000 | - |
| പെരിനാട്ഗ്രാമ പഞ്ചായത്ത് | 2017-18 | 17,25,000 | IAYഅധിക ധനസഹായം | 17,25,000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 46,86,803 | PMAY General | 46,86,803 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 7,68,020 | PMAY SCP | 7,68,020 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 26,85,333 | LIFE GENERAL | 26,85,333 | - |
| ജില്ലാ | 2017-18 | 5,86,666 | LIFE SCP | 5,86,666 | - |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 97,58,853 | IAYഅധിക ധനസഹായം | 97,58,853 | - |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെലാൻ നം., തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1. | പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം, തിരുവനന്തപുരം | ബ്ലോക്ക്ഓഫീസ് കോമ്പൌണ്ടിൽ ഡിജിറ്റൽ ഡിസ്പ്ലേ യൂണിറ്റ് (നം.134/18) | KLO/2268411 /17-18/28.3.18 | 1,68,750/- | - | 1,68,750/- |
| 2. | പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം, തിരുവനന്തപുരം | ബ്ലോക്ക് പഞ്ചായത്തിന് കോൺഫറൻസ് സിസ്റ്റം (നം.123/18) | KLO/2268411 /17-18/28.3.18 | 2,54,250/- | - | 2,54,250/- |
| 3. | പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗം, തിരുവനന്തപുരം | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ പബ്ലിക് അഡ്രസിംഗ് സിസ്റ്റം (നം.124/18) | KLO/2268320 /17-18/28.3.18 | 1,43,100/- | - | 1,43,100/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,97,500 |
| തൻവർഷം നിക്ഷേപിച്ച തുക | 1,95,000 |
| ആകെ | 7,92,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7,92,500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പേരയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 16-7-13 | 60 മാസം | 1,35,000 | |
| 2 | പേരയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 13-8-15 | 12മാസം | 75,000 | |
| 3 | പേരയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 16-7-13 | 60മാസം | 90,500 | |
| 4 | പേരയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 13-8-15 | 12മാസം | 60,000 | |
| 5 | പേരയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 13-8-15 | 12മാസം | 1,50,000 | |
| 6 | പേരയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 13-8-15 | 12മാസം | 25,000 | |
| 7 | പേരയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 19-10-15 | 12മാസം | 32,000 | |
| 8 | പേരയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 8-10-15 | 12മാസം | 30,000 | |
| 9 | പേരയം സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 23-8-15 | 12മാസം | 1,95,000 | |
| | | | ആകെ | 7,92,500/- | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,01,715/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2004-05 & 2005-06 | ഖ-3-8 | 1,715 | കോൺട്രാക്ടർ | 117030100152-117030100155/ 29.1.18 |
| 2010-11 | ഖ-3-7 | 1,00,000 | സെക്രട്ടറി, കിഴക്കേകല്ലട | 117030500001/ 29.9.17 |
| | ആകെ | 1,01,715 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,70,99,590 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 14,57,98,724 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,49,992 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 67,14,350/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 19,880 | ശ്രീഎസ്.അശോക് കുമാർ,സെക്രട്ടറി |
| 3-2 | | 18,653 | ശ്രീമതി.റ്റി.എ.കല്പന,കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-5 | | 75,000 | ശ്രീഎസ്.അശോക് കുമാർ,സെക്രട്ടറി |
| 3-8 | | 4,200 | ശ്രീഎസ്.അശോക് കുമാർ,സെക്രട്ടറി |
| 3-9 | | 32,259 | ശ്രീ.ശൈലേഷ്.ഐ.പി, എസ്.സി.ഡി.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 (1) | 26,79,350 | ശ്രീ.എസ്.അശോക് കുമാർ,സെക്രട്ടറി |
| 3-7 (2) | 4,25,000 | ശ്രീമതി.മംഗളാംബിക,സി.ഡി.പി.ഒ |
| | 2,00,000 | ശ്രീമതി.രേണുക.ഐ,സി.ഡി.പി.ഒ |
| 3-12 | 3410000 | ശ്രീമതി.ബിജിമോൾ.ഇ.ആർ,എ.എക്സ്.ഇ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീഎസ്.അശോക് കുമാർ,സെക്രട്ടറി | - | ചാരുത,തഴമേൽ, അഞ്ചൽ.പി.ഒ |
| ശ്രീമതി.റ്റി.എ.കല്പന, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ,ചിറ്റുമല | സുമേരു,മുരുന്തൽ, പെരിനാട്.പി.ഒ, കൊല്ലം |
| ശ്രീ.ശൈലേഷ്.ഐ.പി, എസ്.സി.ഡി.ഒ | - | ഇരീപ്രമലയിൽ, വെള്ളാലശ്ശേരി, കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച വിവരം |
|---|---|---|
| 1. | 2004-2005<br>2005-2006 | KSA.KLM.P4-69(6)/18, 7.2.18 |
| | 2007-2008 | LFQ DB.1344(10)/14/23.6.14 |
| 2. | 2008-2009 | LFQ DB.1344(11)/14/23.6.14 |

| | | |
|---|---|---|
| 3. | 2009-2010 | LFQ DB.1344(12)/14/23.6.14 |
| 4. | 2010-2011 | LFQ DB.1344(13)/14/23.6.14 |
| 5. | 2011-2012 | LFQ DB.840(13)/26.08.13 |
| 6. | 2012-2013<br>2013-2014 | LFQ DB.2630/14/30.06.15 |
| 7. | 2014-2015 | KSA-KLM.DB.47/2017/01.02.2017 |
| 8. | 2015-16 | KSA-KLM.DB.528/2017/01.02.2017 |
| 9. | 2016-17 | KSA-KLM.P4.1947/2017/17.11.2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

കെ.എസ്.എ. കെ.എൽ.എം - പി.4-1945/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –26/02/2019

ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം